# ഇടശ്ശേരി ഗോവിന്ദൻ നായർ

(1906 - 1974)

ലഘുജീവചരിത്രം

കുറ്റിപ്പുറത്ത് നൊട്ടനാലുക്കൽ ഭഗവതിക്ഷേത്രത്തിനു തൊട്ടടുത്തുള്ള ഇടശ്ശേരിക്കളത്തിൽ തറവാട്ടിൽ കുഞ്ഞുക്കുട്ടിയമ്മയുടെ രണ്ടാം ഭർത്താവായ കൃഷ്ണക്കുറുപ്പിന്റെ മകനായി 1906 ഡിസംബർ 23-ാം തിയ്യതി ഞായറാഴ്ച ഇടശ്ശേരി ജനിച്ചു. ജന്മനക്ഷത്രം ഉത്രട്ടാതി. കുഞ്ഞുക്കുട്ടിയമ്മയുടെ ആദ്യ ഭർത്താവ് ചെറുപ്പത്തിൽ മരിച്ചു. ആ ബന്ധത്തിൽ അവർക്ക് രണ്ട് ആൺമക്കളും മുന്ന് പെൺമക്കളും ഉണ്ടായിരുന്നു. പ്രായത്തിന്റെ വ്യത്യാസം കാരണമായിരിക്കണം ചേച്ചിമാർക്ക് കൊച്ചനുജനോട് വളരെ സ്നേഹവും വാത്സല്യവുമായിരുന്നു. ഏതു നേരവും അവർ അവനെ എടുത്തുകൊണ്ട് നടക്കുമായിരുന്നു. അതിനു മറ്റൊരു കാരണം കൂടിയുണ്ട്. ഗോവിന്ദൻകുട്ടിയ്ക്ക് ജന്മനാൽ അല്പം മുടന്തുണ്ടായിരുന്നു. **(കുട്ടിമ്മാമ)** സ്കൂളിലേയ്ക്കും തിരിച്ചും ഒരാൾ എടുത്തുനടക്കുകയായിരുന്നു പതിവ്. പിന്നീട് വളരെ വേദന സഹിച്ച് വിദഗ്ദ ഉഴിച്ചിലിന്റെ അന്ത്യത്തിൽ നടക്കാറാവുകയാണുണ്ടായത്. ഇതിന്റെ ഓർമ്മയിലാണ് അദ്ദേഹം പിൽക്കാലത്ത് 'മറ്റേ മുണ്ട്' എന്ന കവിതയെഴുതിയത്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഫ്യൂഡലിസത്തിന്റെ തകർച്ച മൂലം, പ്രബലമായിരുന്ന പല നായർ തറവാടുകളും ക്ഷയിച്ചു ദാരിദ്ര്യത്തിന്റെ പിടിയിലമർന്നിരുന്നു. ഇടശ്ശേരിത്തറവാടിന്റെ കാര്യവും മറിച്ചായില്ല. 1921ൽ അച്ഛൻ കൃഷ്ണക്കുറുപ്പ് രണ്ടു ദിവസത്തെ പനിയുടെ അന്ത്യത്തിൽ മരിച്ചു പോയിരുന്നു. ഇതെല്ലാം കാരണം ഗോവിന്ദൻ കുട്ടിക്ക് ആവശ്യത്തിനുള്ള വിദ്യാഭ്യാസം കൊടുക്കാൻ കുഞ്ഞുക്കുട്ടിയമ്മയ്ക്കായില്ല. ഇതിനെക്കുറിച്ച് ഇടശ്ശേരിതന്നെ പറയുന്നുണ്ട്:

*'എന്നെ ഹൈസ്കൂളിൽ അയച്ചു പഠിപ്പിക്കണമെന്ന് അമ്മ വളരെ മോഹിച്ചിരുന്നു. എന്തെങ്കിലും പണിയെടുത്ത് അമ്മയ്ക്ക് നാഴിക്കഞ്ഞി കൊടുക്കണമെന്ന് ഞാനും മോഹിച്ചിരുന്നു. ഈ രണ്ടു വാചകങ്ങളും സ്വയം പൂർണ്ണമാണ്.'*

കേവലം പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയ ഗോവിന്ദൻകുട്ടി തൊഴിൽ തേടി ആലപ്പുഴയ്ക്ക് പോയത് അടുത്ത ബന്ധുവായ ശങ്കരേട്ടന്റെ ഒപ്പമായിരുന്നു. ആലപ്പുഴയിൽ വച്ച് കവിതാ ഭ്രാന്തുമായി നടക്കുന്ന മാഞ്ഞൂർ പരമേശ്വരൻ പിള്ള എന്ന ചെറുപ്പക്കാരനുമായി പരിചയപ്പെട്ടു. അതായിരുന്നു ഇടശ്ശേരിയുടെ സാഹിത്യജീവിതത്തിലെ വഴിത്തിരിവ്. അതുവരെ, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, വെൺമണിമാർ, നടുവത്തച്ഛൻ തുടങ്ങിയവരുടെ ഏതാനും കൃതികൾ, പിന്നെ വള്ളത്തോളിന്റെ ശിഷ്യനും മകനും, ഇതൊക്കെയായിരുന്നു കവിതയിൽ താല്പര്യമുണ്ടായിരുന്ന ഗോവിന്ദൻകുട്ടിയുടെ സാഹിത്യലോകത്തിൽ. അമ്മ ദിവസവും രാമായണം പാരായണം ചെയ്തിരുന്നു. അതിന്റെ ഈണവും കഥാകഥനത്തിൽ മിടുക്കിമാരായ ചേച്ചിമാർ എന്നും പറഞ്ഞുകൊടുത്തിരുന്ന പുരാണ കഥകളും കേട്ടു വളർന്ന ഗോവിന്ദൻകുട്ടി പന്ത്രണ്ടാം വയസ്സു മുതൽ കവിതയെഴുതിത്തുടങ്ങിയിരുന്നു. ആ കുട്ടിയുടെ സാഹിത്യലോകത്തെ പരമേശ്വരൻ പിള്ളയുമായുള്ള സംസർഗ്ഗം വളരെ വിശാലമായതാക്കിത്തീർത്തു. തങ്ങളുടെ ജോലിപോലും മറന്ന് അവർ ബീച്ചിലും മറ്റ് ഏകാന്തമായ പ്രദേശങ്ങളിലും സാഹിത്യത്തെപ്പറ്റി സംസാരിച്ചു നടന്നു. പിന്നീട് ഇടശ്ശേരി പൊന്നാനിയിൽ താമസമാക്കിയപ്പോൾ അദ്ദേഹം ഇടയ്ക്ക് കാണാൻ വരാറുണ്ട്.

ആധാരമെഴുത്തിൽ പരിശീലനം കിട്ടിയതു കൊണ്ട് അദ്ദേഹത്തിന് കോഴിക്കോട്ട് ഒരു വക്കീലാഫീസിൽ ജോലി കിട്ടി. ആ കാലത്താണ് പെനാങ്ങിലേയ്ക്കു പോകാനുള്ള ശ്രമം നടത്തിയത്. പക്ഷെ അദ്ദേഹത്തെ കൊണ്ടു പോകാമെന്നേറ്റ മനുഷ്യൻ പെട്ടെന്ന് മരിച്ചതുകാരണം ആ ശ്രമം തന്നെ ഉപേക്ഷിക്കേണ്ടി വന്നു. ഇടശ്ശേരി പൊന്നാനിയിലെത്തിയത് തൊള്ളായിരത്തി മുപ്പതുകളുടെ തുടക്കത്തിലാണ്. അന്നുമുതൽ പൊന്നാനിയായിരുന്നു അദ്ദേഹത്തിന്റെ കർമ്മ മണ്ഡലം. കുറച്ചുകാലം വക്കീലിന്റെ ഓഫീസിൽ ജോലി നോക്കിയെങ്കിലും പിന്നീട് അദ്ദേഹം സ്വന്തം നിലയിൽ വസ്തുവ്യവഹാരങ്ങൾ സംബന്ധിച്ച പ്രമാണങ്ങൾ തയ്യാറാക്കുക, വസ്തു തർക്കത്തിൽ മദ്ധ്യസ്ഥത വഹിക്കുക തുടങ്ങിയ ജോലികൾ ചെയ്യാൻ തുടങ്ങി. ഒരു നല്ല നീതിമാനായതുകൊണ്ട് അദ്ദേഹത്തിന്റെ തീർപ്പ് ഇരു ഭാഗക്കാർക്കും, പലപ്പോഴും രണ്ടിലധികം ഭാഗക്കാരുണ്ടാവുമല്ലൊ, അവർക്കെല്ലാം തന്നെ, സ്വീകാര്യമായി വന്നു. ഇത് മൂലം അനാവശ്യവും ചെലവേറിയതും, ബന്ധുക്കൾ തമ്മിൽ നിത്യശത്രുതയുണ്ടാക്കുന്നതുമായ വ്യവഹാരങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞു. ഒരു ഡോക്യുമെന്റ് റൈറ്റർ അല്ലെങ്കിൽ വ്യവഹാരം തൊഴിലായി കൊണ്ടു നടക്കുന്ന ഒരാളെ സംബന്ധിച്ചേടത്തോളം ഈ അവസ്ഥ അത്ര അഭികാമ്യമല്ല. പക്ഷെ ഇടശ്ശേരി പണത്തിനേക്കാൾ വിലമതിച്ചിരുന്നത് മനുഷ്യർ തമ്മിലുള്ള മൈത്രിയായിരുന്നു. പലപ്പോഴും ദരിദ്രരായ കക്ഷികൾക്കു വേണ്ടി അദ്ദേഹം സൗജന്യമായി ജോലിയെടുത്തിരുന്നു. ഈ സ്വഭാവം അദ്ദേഹത്തെ പലപ്പോഴും ദാരിദ്ര്യത്തിന്റെ വക്കത്തെത്തിച്ചു. 2005ൽ ഇടശ്ശേരി സ്മാരക സമിതി ഇറക്കിയ **സ്മരണികയിൽ** തവനൂരിലെ കെ.വി. സുകുമാരൻ മാസ്റ്റർ ഒരു സംഭവത്തെപ്പറ്റി വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അച്ഛൻ സ്വന്തം കിടപ്പാടം നിലനിർത്തുവാൻ അതിന്റെ ജന്മിയും സാഹിത്യകാരനുമായ എൻ. പി. ദാമോദരനുമായി കേസിലായിരുന്നു. കേസിൽ ഇടപെട്ട് അദ്ദേഹത്തെ സഹായിക്കാൻ പലരോടും അഭ്യർത്ഥിച്ചു. പക്ഷെ എൻ.പി. യുമായി പിണങ്ങേണ്ടി വരുമോ എന്ന ഭയം കാരണം അവരാരും ഇടപെട്ടില്ല. അപ്പോഴാണ് അദ്ദേഹം കേളപ്പജിയെ സമീപിക്കുന്നത്. കേളപ്പജി ഉടനെ പറഞ്ഞു. ഇടശ്ശേരിയെ കാണു, അദ്ദേഹത്തിന് സഹായിക്കാൻ പറ്റും. ഇടശ്ശേരിയാകട്ടെ ഇതിൽ ഇടപെട്ടുവെന്നു മാത്രമല്ല രണ്ടു പേർക്കും സമ്മതമായി കേസ് അവസാനിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഫീസായി കൊടുത്ത 25 രൂപ ഇടശ്ശേരി തിരിച്ചുകൊടുക്കുകയാണ് ചെയ്തത്. 25 രൂപയ്ക്ക് നല്ല വിലയുള്ള കാലമായിരുന്നു. ഇത്രയും തരാൻ സാമ്പത്തികമായി പരാധീനനായ സാധു മനുഷ്യന് കഴിയില്ലെന്നദ്ദേഹത്തിനറി

യാം.

അതുപോലെ ഇടശ്ശേരിയുടെ കാരുണ്യം വെളിപ്പെടുത്തുന്ന ഒരു സംഭവം പി. കൃഷ്ണ വാരിയരും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ, പനി പിടിച്ചു കിടക്കുന്ന മക്കൾക്ക് മരുന്നു വാങ്ങാൻ പോകുകയായിരുന്ന ഇടശ്ശേരിയെ അനുഗമിക്കുകയായിരുന്നു കൃഷ്ണ വാരിയർ മാസ്റ്റർ. അപ്പോഴാണ് ദരിദ്രനായ ഒരാൾ മക്കൾ വിശന്നിരിക്കയാണെന്നും കുറച്ച് അരി വാങ്ങാൻ പണം സഹായിക്കണമെന്നും പറഞ്ഞുകൊണ്ട് കൈനീട്ടുന്നത്. ഇടശ്ശേരി ലേശം പോലും സംശയിക്കാതെ പോക്കറ്റിൽ നിന്ന് ഉള്ള പണം അയാൾക്കു കൊടുത്തു. സ്വന്തം മക്കൾക്കു മരുന്നു വാങ്ങൽ അന്നു നടന്നില്ല. ഈ സംഭവം ആസ്പദമാക്കി യൂസഫ് അലി കേച്ചേരി മനോഹരമായ ഒരു കവിത രചിച്ചിട്ടുണ്ട് ('ഒരു കഥ, പഴങ്കഥ').

അതുപോലെ വീട്ടിലേയ്ക്ക് വരുന്ന പാവപ്പെട്ടവരോട് ഇടശ്ശേരി എപ്പോഴും ചോദിക്കാറുള്ളതാണ്, യാത്രയ്ക്കും ഭക്ഷണത്തിനും വേണ്ട പണം കൈയ്യിലുണ്ടോ എന്ന്. പണമില്ലാത്തതുകൊണ്ട് മൈലുകൾ കാൽനടയായി വരുന്നവരും, വിശക്കുമ്പോൾ പച്ചവെള്ളം മാത്രം കുടിക്കുന്നവരും സാധാരണമായിരുന്ന ഒരു സമൂഹത്തിൽ ആരും ഈ ചോദ്യം ഒരു അവഹേളനമായി കരുതിയില്ല. അവരുടെ മറുപടി അനുസരിച്ച് ഇടശ്ശേരി അവർക്ക് പണം കൊടുക്കാറുണ്ട്.

പൊന്നാനിയിലെത്തിയ ഇടശ്ശേരി താമസിക്കാനൊരിടമില്ലാതെ കഷ്ടപ്പെട്ടിട്ടുണ്ട്. ആത്മമിത്രവും കവിയുമായ ഇ. നാരായണന്റെ വീട്ടിൽ കുറച്ചു കാലം താമസിച്ചു. അദ്ദേഹം ക്ഷയരോഗബാധിതനായി മരിച്ചപ്പോൾ വീണ്ടും താമസിക്കാനിടമില്ലാതെ കഷ്ടപ്പെട്ടു. അങ്ങിനെയിരിക്കുമ്പോഴാണ് ഇടക്കണ്ടി തറവാട്ടിലെ രാഘവൻ നായർ തന്റെ അമ്മയുടെ വീടായ പുത്തില്ലത്തേയ്ക്ക് ഇടശ്ശേരിയെ താമസിക്കാൻ ക്ഷണിച്ചത്. തന്റെ മരുമകൾ ജാനകി (മൂത്ത സഹോദരി കല്യാണിയമ്മയുടെ മകൾ) മെട്രിക് പാസ്സായി, അത്യാവശ്യം സംസ്കൃതവും പഠിക്കുകയാണ്. അവൾക്ക് സംസ്കൃതത്തിൽ ട്യൂഷൻ കൊടുക്കണം. തന്റെ പ്രവൃത്തികൊണ്ട് അദ്ദേഹം രണ്ടു കാര്യങ്ങൾ സാധിച്ചു. മരുമകൾക്ക് ട്യൂഷൻ സഹായമായി, താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന ഇടശ്ശേരിയ്ക്ക് താമസിക്കാനൊരിടവും കിട്ടി. ഇതാകട്ടെ ഇടശ്ശേരിയുടെ കാവ്യജീവിതത്തിൽ മാത്രമല്ല വ്യക്തിജീവിതത്തിൽത്തന്നെ ഒരു പ്രധാന വഴിത്തിരിവായി മാറി. ജാനകിയ്ക്ക് കവിതയോടുള്ള ഭ്രമം അപാരമായിരുന്നു. ഇടശ്ശേരിയുടെ തന്നെ ഭാഷയിൽ പറയാം:

*'കവിത എനിയ്ക്ക് എന്റേതായ ഒരു കുടുംബത്തെയും ഉണ്ടാക്കിത്തന്നു. ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ 'പുഷ്പബാണവിലാസ'ത്തിന് ഞാൻ കുത്തിക്കുറിച്ചിട്ടിരുന്ന പരിഭാഷവരെയുള്ള നിരവധി കൃതികൾ പദ്യരൂപത്തിലാണെന്നുള്ള ഒരേ കാരണം കൊണ്ട് ഒരേ നോട്ടുപുസ്തകത്തിൽ പകർത്തിവയ്ക്കാൻ മാത്രം കവിതക്കമ്പവും വിഢ്ഢിത്തവുമായി ഒരു വധുവിനെ എനിക്കുവേണ്ടിത്തന്നെയായിരിക്കണം ബ്രഹ്മാവ് കരുതിവച്ചിരുന്നത്.'*

ഈ സംഭവത്തെപ്പറ്റി **'കവിത എന്റെ ജീവിതത്തിൽ'** എന്ന ലേഖനത്തിൽ ഇടശ്ശേരി പറയുന്നു.

*'.........ബോധപൂർവ്വം യാതൊന്നും പഠിച്ചില്ല. വ്യവസായശീലം ഉണ്ടായിരുന്നില്ല. ഇത്രത്തോളമായ സ്ഥിതിയ്ക്ക് കുറച്ചു വ്യാകരണം പഠിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ ചൊല്ലിത്തരാനുള്ള ഒരു ഗുരുവിനെയല്ല കിട്ടിയത്. ചൊല്ലിക്കൊടുക്കാനുള്ള ഒരു ശിഷ്യയെയാണ്. നന്നായി, അതിനു വേണ്ടിയെങ്കിലും ഏതാനും പാഠങ്ങൾ മനസ്സിരുത്തി വായിക്കുവാൻ തരമായി.'*

ഈ കാലത്തെ ഓർമ്മകൾ നിറഞ്ഞ കവിതയാണ് ഇടശ്ശേരിയുടെ 'അശോകമഞ്ജരി'.

ഇടശ്ശേരിയും ജാനകിയമ്മയുമായുള്ള വിവാഹം 1938 ജനുവരി 15 ശനിയാഴ്ച (1113 മകരം 2-ാം തിയ്യതി) ആണ് നടന്നത്. തനിക്കൊരു കുടുംബമുണ്ടായത് ഈ നല്ല മനുഷ്യൻ കാരണമാണ് എന്ന് രാഘവൻ നായരെപ്പറ്റി ഇടശ്ശേരി പറയാറുണ്ട്. പുത്തില്ലം സാഹിത്യചർച്ചകൾക്ക് വേദിയാകാൻ ഈ ബന്ധം ഹേതുവായി ഭവിച്ചു. കുടുംബസ്ഥനായതോടെ ഇടശ്ശേരിയുടെ ജീവിതത്തിന്റെ പുതിയൊരുഘട്ടം ആരംഭിക്കുകയായിരുന്നു. പണമുണ്ടാക്കാനായി അതേവരെ എഴുതിയിരുന്ന ഖണ്ഡകവിതകളിൽ നിന്ന് തിരഞ്ഞെടുത്ത കുറേ കൃതികൾ അളകാവലി എന്നപേരിൽ പുസ്തകമാക്കി. അച്ചടി മാതൃഭൂമി നിർവ്വഹിച്ചെങ്കിലും റൊക്കം പണം കെട്ടി കോപ്പികൾ വിട്ടുകിട്ടാൻ ഇടശ്ശേരി വളരെ ബുദ്ധിമുട്ടി. വളരെക്കാലം കഴിഞ്ഞ് ഇതറിഞ്ഞപ്പോൾ എസ്.കെ. പൊറ്റെക്കാട്ടാണ് പണം കൊടുത്ത് മാതൃഭൂമിയുടെ കണക്ക് തീർത്ത് ബാക്കി പുസ്തകങ്ങൾ ഏറ്റെടുത്തത്. അളകാവലിയാണ് ആദ്യപ്രസിദ്ധീകൃത കൃതിയെന്നാലും, അതിന് മുമ്പ് തന്നെ അഹല്യ, മാലിനി, ഒരു ലത എന്നീ ഖണ്ഡകാവ്യങ്ങൾ ഇടശ്ശേരി രചിച്ചു കഴിഞ്ഞിരുന്നു. അതിൽ അഹല്യ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായത് പക്ഷേ മറ്റൊരാളുടെ പേരിലായിരുന്നു. തന്നോട് നടത്തിയ ഈ കടുത്ത അനീതിക്കെതിരെ ഇടശ്ശേരി പ്രതിഷേധിച്ചില്ല. ഇടശ്ശേരിയുടെ നിലപാട് സുവ്യക്തമായിരുന്നു. '*വേനൽക്കാലം അഭിനന്ദിക്കാൻ നില്ക്കെ, തുരുതുരെ പൂക്കൾ വിരിയുകയും കൊഴിയുകയും ചെയ്യുമ്പോൾ ഒരു പൂവെരിഞ്ഞിക്ക് തന്റെ ഒരുകുടന്ന പൂക്കൾകൊണ്ട് അടുത്ത കുറ്റിക്കാട്ടിലെ ഏതെങ്കിലും പൂക്കാച്ചെടി സൗരഭ്യക്കച്ചവടം നടത്തുന്നതിനേപ്പറ്റി എന്ത് നഷ്ടബോധമുണ്ടാവാനാണ്?*' (**കവിത-എന്റെ ജീവിതത്തിൽ**). ഗാന്ധിസത്തിന്റെ സുശക്തമായ പ്രേരണകളും, ആദർശങ്ങളോടുള്ള തീവ്രമായ അനുസരണയും കടുത്ത ദാരിദ്ര്യത്തിന്റെ മൂശയിൽ നീറിക്കൊണ്ടിരുന്ന തന്റെ ജീവിതയാത്രയെ സുഗമമാക്കാൻ ഇടശ്ശേരിയെ ഒട്ടും സഹായിച്ചില്ല. അപ്പോഴും ദാരിദ്ര്യത്തിൽ ഉഴലുന്ന നാട്ടുകാരെ സഹായിക്കുക എന്നതിന് അദ്ദേഹം ചിലപ്പോൾ സ്വകുടുംബത്തിന്റെ ആവശ്യങ്ങളേക്കാൾ മുൻഗണന കൊടുത്തതായി സ്നേഹിതർ സ്മരിച്ചിട്ടുണ്ട്. തന്റെ മാത്രമല്ല, സമുദായം കടന്നുപോകുന്ന വേദനകളും, കഷ്ടപ്പാടുകളും ഇടശ്ശേരിയുടെ കവനകർമ്മത്തിന് ഊർജ്ജം കൂട്ടുകയായിരുന്നു. പിൽക്കാലത്ത് പലരും നിരീക്ഷിച്ചപോലെ ഇടശ്ശേരിക്കവിതകൾ കവിയുടെ ജീവിതത്തിൽ നിന്ന് വേർതിരിക്കാനാവാത്തതായി. (**'ഇടശ്ശേരി കവിതയും ജീവിതവും'** -പി. കൃ

ഷ്ണവാരിയർ).

നാലപ്പാട്ടു നാരായണ മേനോനുമായി ഇടശ്ശേരിയ്ക്ക് നല്ല ബന്ധമുണ്ടായിരുന്നു. ഇംഗ്ലീഷും സംസ്കൃതവും പഠിക്കാൻ നാലപ്പാട്ടും കുട്ടികൃഷ്ണ മാരാരും സഹായിച്ചു. സ്വന്തം യത്നം വഴി ഇടശ്ശേരി ഇംഗ്ലീഷിൽ നല്ല അറിവു സമ്പാദിച്ചു. ഒരു കവിയും ജ്യോതിഷിയുമായ തലമുണ്ട വാരിയത്ത് ശൂലപാണി വാരിയരെ ഇടശ്ശേരിയാണ് നാലപ്പാട്ട് നാരായണ മേനോന് പരിചയപ്പെടുത്തിയത്. ഇദ്ദേഹവും സാഹിത്യ ചർച്ചകളിൽ സജീവ സാന്നിദ്ധ്യമായിരുന്നു.

ഏകദേശം ഇതേ കാലത്താണ് പൊന്നാനിയിൽ വലിയൊരു സാഹിത്യ കൂട്ടായ്മ ഉടലെടുക്കുന്നത്. ഇടശ്ശേരിയെ പൊന്നാനിയുടെ സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെടുത്തുന്നതാണ് പിന്നീടുള്ള വർഷങ്ങൾ. ദേശീയ പ്രസ്ഥാനത്തിൽ കേളപ്പജിയായിരുന്നു അദ്ദേഹത്തിന് വഴികാട്ടി. സ്വാതന്ത്ര്യസമരത്തിൽ ഇടശ്ശേരിയും ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട്. മറ്റു പ്രവർത്തനങ്ങൾക്കൊപ്പം, നിരോധിക്കപ്പെട്ട സ്വതന്ത്ര ഭാരതം എന്ന പത്രം അദ്ദേഹം വിതരണം ചെയ്തിരുന്നു. തികഞ്ഞ ഗാന്ധിയനായിരുന്നു ഇടശ്ശേരി. സ്വാതന്ത്ര്യസമരം ദൃഢപ്പെടുത്തിയ കൂട്ടായ്മയോടൊപ്പം തന്നെ സാഹിത്യ-സാംസ്കാരികമായ ഒരു കൂട്ടായ്മയും പൊന്നാനിയിൽ രൂപപ്പെട്ടിരുന്നു. ഇടശ്ശേരിയായിരുന്നു അതിന്റെ ഊർജ്ജം. ഇ. നാരായണൻ, വി.ടി. ഭട്ടതിരിപ്പാട്, പി. നാരായണൻ വൈദ്യർ, മിഷ്യൻ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ഇ.പി. സുമിത്രൻ മാസ്റ്റർ, പിന്നീട് പി.സി. കുട്ടിക്കൃഷ്ണൻ, ചെറുകഥകളെഴുതിയിരുന്ന ഇ. കുമാരൻ (ഇദ്ദേഹത്തിന്റെ സഹോദരിയെയാണ് പി.സി. കുട്ടിക്കൃഷ്ണൻ വിവാഹം ചെയ്തത്), അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ, എൻ. പി. ദാമോദരൻ, ആനന്ദവല്ലി അമ്മ തുടങ്ങിയവരായിരുന്നു പ്രസ്തുത കൂട്ടായ്മയിലെ സജീവാംഗങ്ങൾ. പുത്തില്ലത്ത് പൂമുഖത്തും, ഭാരതപ്പുഴയുടെ തീരത്തും അവർ ഒത്തുകൂടുമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പോലീസിന്റെ ഇടിയും കുത്തും പേറി അന്തരിച്ച കൃഷ്ണപ്പണിക്കരുടെ ഓർമ്മയ്ക്കായി ഇടശ്ശേരി, നാരായണൻ വൈദ്യർ, ത്രേസ്യാടീച്ചർ എന്നിവർ ചേർന്ന് സ്ഥാപിച്ച കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിലും നിത്യേന സാഹിത്യ ചർച്ചകൾ നടന്നു തുടങ്ങി. തൊള്ളായിരത്തി മുപ്പതുകളുടെ മദ്ധ്യത്തിൽ കലാമണ്ഡലത്തിലെ തന്റെ ജോലി നിർത്തിയപ്പോൾ **കുട്ടികൃഷ്ണ മാരാരും** ഈ സദസ്സിൽ സജീവസാന്നിധ്യമായി. ഇവരെല്ലാം ചേർന്ന് രൂപപ്പെട്ട കൂട്ടായ്മ ഉത്പാദിപ്പിച്ച സാഹിത്യസംസ്കാരം പിൽക്കാലത്ത് പൊന്നാനിക്കളരി എന്ന പേരിൽ അറിയപ്പെട്ടു. കണിശക്കാരനായ മാരാരുമായുള്ള സൗഹൃദം തന്റെ കവിതാരചനയുടെ ഗതിതന്നെ മാറ്റി മറിച്ചതായി ഇടശ്ശേരി പറയുന്നുണ്ട്. മദിരാശിയിൽ ജോലിയെടുത്തിരുന്ന എം. ഗോവിന്ദനും ഇടശ്ശേരിയെ കാണാനും ഈ സുഹൃദ്യോഗങ്ങളിൽ പങ്കെടുക്കാനും എത്താറുണ്ട്. അക്കാലത്താണ്. അതായത് അമ്പതുകളുടെ ആരംഭത്തിൽ, ഇടശ്ശേരിയുടെ കൂട്ടുകൃഷിയെന്ന നാടകം കേരളത്തിൽ, പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ നിരവധി സ്റ്റേജുകളിൽ അരങ്ങേറിയത്. അതിൽ അഭിനയിക്കുന്നതാകട്ടെ ഇടശ്ശേരി, പി.സി. കുട്ടിക്കൃഷ്ണൻ (ഉറൂബ്), അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ, പദ്മനാഭൻ മാസ്റ്റർ, ആർട്ടിസ്റ്റ് നമ്പൂതിരി, പി. നാരായണൻ വൈദ്യരുടെ മകൾ സരോജിനി തുടങ്ങിയവരും. പി.സി. കുട്ടിക്കൃഷ്ണന്റെ അമ്പൂബക്കറും ജാനകിയമ്മയുടെ ചെറിയമ്മയുടെ മകനായ ഇ. ഹരിദാസിന്റെ അയിഷയും അഭിനയത്തിന്റെ തന്മയത്വം കാരണം വേറിട്ടുനിന്നു. കൂട്ടുകൃഷി ഒരു വൻ വിജയമായിരുന്നു. സാമ്പത്തികമായിട്ടല്ല, മറിച്ച് സാംസ്കാരികമായൊരു നവോത്ഥാനത്തിന് തുടക്കമിട്ടു എന്നതുകൊണ്ട്. വി.ടി.യുടെയും, എം.ആർ.ബി.യുടെയും ചെറുകാടിന്റെയും നാടകങ്ങൾക്കൊപ്പം കൂട്ടുകൃഷിയും സാമൂഹികമായൊരു മാറ്റത്തിന് ഊർജ്ജം പകർന്നു. പതിനൊന്ന് ഏകാങ്കങ്ങളും, മൂന്ന് നാടകങ്ങളും, രണ്ട് റേഡിയോ നാടകങ്ങളും ഇടശ്ശേരി എഴുതിയിട്ടുണ്ട്. ഇടശ്ശേരിയുടെ നാടകങ്ങളുടെ സമ്പൂർണ്ണസമാഹാരവും 2001ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കൃഷ്ണപ്പണിക്കർ വായനശാല, കേന്ദ്രകലാസമിതി, ഉദയകലാസമിതി തുടങ്ങിയ സാംസ്കാരികസംഘടനകളിലൂടെ പൊന്നാനി കൂട്ടായ്മ, ഇടശ്ശേരിയുടെ ഏകാങ്കങ്ങളും നാടകങ്ങളും മാത്രമല്ല, എം. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്', ചെറുകാടിന്റെ 'ജീവിതം', ഉറൂബിന്റെ 'തീ കൊണ്ട് കളിക്കരുത്', 'മണ്ണും പെണ്ണും' എന്നീ നാടകങ്ങൾ ഒന്നിലധികം തവണ അരങ്ങേറിക്കൊണ്ട് നാടകത്തെ ഗ്രാമീണജീവിതത്തിന്റെ അഭേദ്യഭാഗമാക്കാൻ ശ്രമിച്ചു. പ്രിയസുഹൃത്ത് ടി. ഗോപാലക്കുറുപ്പ് ആയിരുന്നു നാടകാവതരണത്തിൽ ഉറ്റ പങ്കാളിയായി ഇടശ്ശേരിക്കൊപ്പം ഉണ്ടായിരുന്നത്. നാടകവേദിയെപ്പറ്റി വ്യക്തമായ സങ്കൽപ്പങ്ങൾ പുലർത്തിക്കൊണ്ട് മലയാളനാടകവേദിയുടെ ആധുനികവൽക്കരണത്തെപ്പറ്റി ഗൗരവമായി ചിന്തിച്ചിരുന്നു ഇടശ്ശേരി **(നമ്മുടെ നാടകവേദി)**. ഇടശ്ശേരിയുടെ പ്രസിദ്ധീകൃതമായ **നാടകങ്ങൾ/ഏകാങ്കങ്ങൾ** താഴെപ്പറയുന്നവയാണ്.

നൂലാമാല - 1947
കൂട്ടുകൃഷി - 1950
കളിയും ചിരിയും - ഏകാങ്കങ്ങൾ - 1954
എണ്ണിച്ചുട്ട അപ്പം - ഏകാങ്കങ്ങൾ - 1957
ചാലിയത്തി - ഏകാങ്കങ്ങൾ - 1960
ഞെടിയിൽ പടരാത്ത മുല്ല - 1964
ജരാസന്ധന്റെ പുത്രി - റേഡിയോ നാടകം - എഴുപതുകളിൽ
ഘടോൽകചൻ - റേഡിയോ നാടകം - എഴുപതുകളിൽ
ഇടശ്ശേരിയുടെ നാടകങ്ങളുടെ സമ്പൂർണ്ണസമാഹാരം - 2001

ഈ നാടകങ്ങളിൽ റേഡിയോ നാടകങ്ങളൊഴിച്ച് എല്ലാം തന്നെ പൊന്നാനിയിൽ കൃഷ്ണപ്പണിക്കർ വായനശാല യുടെ കലാവിഭാഗമായ 'കൃപ പ്രൊഡക്ഷൻസ്' കാലാകാലങ്ങളിലായി അരങ്ങേറിയിട്ടുണ്ട്.

പന്ത്രണ്ട് കവിതാസമാഹാരങ്ങൾ ഇടശ്ശേരിയുടേതായിട്ടുണ്ട്. അതിൽ നാലെണ്ണം മരണാനന്തരം പ്രസിദ്ധീകരിച്ചവ യാണ്.

അളകാവലി - 1940
പുത്തൻ കലവും അരിവാളും - 1951
ലഘുഗാനങ്ങൾ - 1954
കറുത്ത ചെട്ടിച്ചികൾ - 1955
ത്രിവിക്രമന്നു മുമ്പിൽ - പ്രസിദ്ധീകരിച്ച വർഷം അറിയില്ല
തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ - 1961
കാവിലെ പാട്ട് - 1966
ഒരു പിടി നെല്ലിക്ക - 1968
കുങ്കുമപ്രഭാതം - 1975ൽ
അന്തിത്തിരി - 1977
ഇടശ്ശേരിയുടെ സമ്പൂർണ്ണ കവിതകൾ - 1988
മലയാളത്തിന്റെ പ്രിയകവിതകൾ - ഇടശ്ശേരി - 2013

പൊന്നാനിയിലെ പഴയ സാഹിത്യ ചർച്ചയും കൂട്ടായ്മയും പിന്നെപ്പിന്നെ നേർത്തു വന്ന് ഇല്ലാതായി. പങ്കെടുത്തി രുന്നവർ പലരും ജോലിയായി പോയി. 1938ൽ കുട്ടികൃഷ്ണ മാരാർ മാതൃഭൂമിയിൽ ചേർന്നു. പി.സി. കുട്ടിക്കൃഷ്ണനും അക്കിത്തവും കോഴിക്കോട് ആകാശവാണിയിൽ ചേർന്നു. കടവനാട് കുട്ടിക്കൃഷ്ണൻ കോഴിക്കോട്ട് ഒരു സ്വകാര്യ കമ്പനിയിലും. ഇ. നാരായണൻ അകാലത്തിൽ മൺമറഞ്ഞു. മറ്റുള്ളവർക്ക് ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ സമയം കിട്ടാതായി. സാഹിത്യജിവിതത്തിൽ ഒറ്റപ്പെടുന്നപോലെ തോന്നിയിരിക്കണം ഇടശ്ശേരിയ്ക്ക്. അപ്പോഴാണ് അദ്ദേഹ ത്തിനു ചുറ്റും കുറേ ചെറുപ്പക്കാരുടെ ഒരു വലയം രൂപപ്പെട്ടത്. അതിൽ എ.വി. ഹൈസ്കൂളിലെ അദ്ധ്യാപകരും, മിഷ്യൻ സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന വർഗ്ഗീസ് മാസ്റ്ററും മക്കളും, മറ്റു സഹൃദയരും ഉണ്ടായിരുന്നു. കവി ഇ. നാരായണന്റെ സഹാദരൻ രാമൻ മാസ്റ്റർ ഇടശ്ശേരിയുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ വലംകൈയ്യായി രുന്നു എന്നു പറയാം. അതുപോലെ ഇടശ്ശേരിയുടെ സഹന്തസഹചാരിയായിരുന്നു എ.വി. ഹൈസ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകനായി റിട്ടയർ ചെയ്യുകയും പിന്നീട് ഹെഡ് മാസ്റ്ററായി വിരമിക്കുകയും ചെയ്ത പി. കൃഷ്ണവാരിയർ. ഇദ്ദേഹം പിന്നീട് മരണംവരെ ഇടശ്ശേരി സ്മാരക സമിതിയുടെ സെക്രട്ടറിയായിരുന്നു. കൃഷ്ണവാരിയർ പിൽക്കാ ലത്ത് രചിച്ച '**ഇടശ്ശേരി, കവിതയും ജീവിതവും**' എന്ന ഗ്രന്ഥത്തിൽ അവർ തമ്മിലുള്ള ഊഷ്മളമായ ബന്ധത്തിന്റെ രൂപരേഖകൾ കാണാനാകും. മറ്റു ചില ചെറുപ്പക്കാർ ദേവസ്സി മാസ്റ്റർ, മാധവൻ മാസ്റ്റർ, ഡേവിഡ് വർഗ്ഗീസ്, പോൾ വർഗ്ഗീസ്, ഇ. ബാലഭാസ്കരൻ, എൻ.പി. കുമാരൻ, ഗോപാല മേനോൻ, ജോർജ്ജ് വർഗ്ഗീസ്, വടക്കത്ത് ഭാസ്കരൻ, ഇടശ്ശേരിയുടെ മക്കൾ ഇ. ഹരികുമാർ, ഇ. മാധവൻ തുടങ്ങിയവർ നാടകങ്ങളിൽ അഭിനയിക്കാനും അവ സംഘടിപ്പി ക്കാനും അതീവ താല്പര്യമെടുത്തു. പൊന്നാനി എ.വി. ഹൈസ്കൂളിൽ വച്ചാണ് കൂടുതലും ഇടശ്ശേരിയുടെ നാടക ങ്ങൾ അരങ്ങേറിയിരുന്നത് എങ്കിലും പൊന്നാനി താലൂക്കിൽ പല അരങ്ങുകളിലും ഈ സംഘം നാടകങ്ങൾ അവത രിപ്പിക്കുകയുണ്ടായി. പിന്നീടുള്ള കാലങ്ങളിൽ ഇടശ്ശേരിയും ഈ സുഹൃദ് സംഘവും ഹൈസ്കൂളിലെ പടർന്നു പന്തലിച്ച മാവിൻ ചുവട്ടിൽ മിക്കവാറും എന്നും സമ്മേളിക്കാറുണ്ട്. ഈ മാവ് ഇടശ്ശേരി മാവ് എന്ന പേരിലാണ് അറി യപ്പെട്ടിരുന്നത്.

ഇടശ്ശേരി ഓഫീസിൽനിന്നു വരുന്നതും കാത്ത് ഈ സുഹൃദ്സംഘം കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാ ന്തയിൽ കാത്തിരിപ്പുണ്ടാകും. അതിൽ അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തുക്കളായ ടി. ഗോപാലക്കുറുപ്പും, പി. നാരായ ണൻ വൈദ്യരും ഒക്കെയുണ്ടാകും. അവരുമായി അടുത്ത് അവതരിപ്പിക്കാൻ പോകുന്ന നാടകത്തിന്റെ റിഹേഴ്സലി നായി എ.വി. ഹൈസ്കൂളിലോ, അല്ലെങ്കിൽ മിഷ്യൻ സ്കൂളിലോ പോകും. സംവിധാനവും നിർദ്ദേശവും ഇടശ്ശേ രിയും ടി. ഗോപാലക്കുറുപ്പും കൂടിയായിരുന്നു നിർവ്വഹിച്ചിരുന്നത്. സംവിധാനത്തിനു പുറമെ ടി. ഗോപാലക്കുറുപ്പ് ഒരു മികച്ച നടനുമായിരുന്നു. ഇടശ്ശേരിയ്ക്ക് നഷ്ടപ്പെട്ട ഒരു ലോകം കുറേയെങ്കിലും തിരിച്ചു കിട്ടിയ പോലെ തോന്നി യിരിക്കണം. മാത്രമല്ല പഴയ സുഹൃത്തുക്കൾ, എം. ഗോവിന്ദൻ, വി.ടി. ഭട്ടതിരിപ്പാട്, പി.സി. കുട്ടിക്കൃഷ്ണൻ, ചെറു കാട്, അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ തുടങ്ങിയവർ അപ്പോഴും ഈ പുതിയ കൂട്ടായ്മയിൽ പങ്കുചേരാൻ എത്താറുമുണ്ട്. സൗഹൃദങ്ങൾ ജീവവായുപോലെയായിരുന്നെങ്കിലും അവ താൻ പാലിക്കുന്ന ആദർശങ്ങൾ പുലർത്തി ക്കൊണ്ടു തന്നെ വേണം എന്ന് ഇടശ്ശേരി നിഷ്ക്കർഷിച്ചു പോന്നു. അക്കാരണത്താൽ പൊന്നാനിയിലെ സാധാരണ ക്കാരുടെ കൂടെ അവർക്കൊപ്പം തന്നെ നട്ടം തിരിയുമ്പോഴും ഒരുതരം ഏകാന്തത ഇടശ്ശേരി അനുഭവിച്ചിരുന്നു. സഹൃ ദയരായ സ്നേഹിതർക്കായി ആ മനസ്സ് സദാ തയ്യാറായിരുന്നു. നീണ്ടു നിൽക്കുന്ന സാഹിത്യസല്ലാപങ്ങൾ ഇടശ്ശേ രിക്ക് വളരെ ഊർജ്ജം സമ്മാനിച്ചിരുന്നു. ജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ ഇളംതലമുറയിൽ നിന്നുള്ള സൗഹൃദ ങ്ങൾ അദ്ദേഹത്തെ സന്തോഷിപ്പിച്ചിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യ ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കുന്നുണ്ടെന്നും

ഇളം തലമുറ അതുകാരണം അസ്വസ്ഥമാകുന്നത് സ്വാഭാവികമാണെന്നും, പക്ഷേ അവർ മോഹഭംഗത്തിന്റെ അകർമ്മണ്യതയിലേക്ക് വഴുതിപ്പോകരുത് എന്നും വളരെ കൃത്യമായി ഇടശ്ശേരി ഉപദേശിച്ചിരുന്നു (ഒരു കവിയുടെ വളർച്ച).

ഇടശ്ശേരിയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ:

മദ്രാസ് ഗവൺമെന്റ് അവാർഡ് - കൂട്ടുകൃഷി
മദ്രാസ് ഗവൺമെന്റ് അവാർഡ് - പുത്തൻ കലവും അരിവാളും
കേരള സാഹിത്യ അക്കാദമി അവാർഡ് 1969 - ഒരു പിടി നെല്ലിക്ക
കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് - 1970 - കാവിലെ പാട്ട്
കുമാരനാശാൻ പ്രൈസ് (മരണാനന്തരം) - 1979 - അന്തിത്തിരി

ഔദ്യോഗിക നിലകളിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ:

കേന്ദ്ര കലാ സമിതി - പ്രസിഡന്റ്
കൃഷ്ണപ്പണിക്കർ വായനശാല - സ്ഥാപകൻ
സാഹിത്യ പ്രവർത്തക സഹകരണ സംഘം - ഡയറക്ടർ ബോർഡ് അംഗം
കേരള സാഹിത്യ അക്കാദമി - ജനറൽ കൗൺസിൽ അംഗം
സംഗീത നാടക അക്കാദമി - ജനറൽ കൗൺസിൽ അംഗം
സമസ്ത കേരള സാഹിത്യ പരിഷത് - അംഗം
സാഹിത്യ സമിതി - പ്രസിഡന്റ്

സാധാരണ വിവക്ഷിക്കപ്പെടുന്ന തരത്തിലുള്ള ആസ്തികനായിരുന്നു ഇടശ്ശേരി എന്ന് പറയാൻ കഴിയില്ല. ഉത്സവാദികളിലും ക്ഷേത്ര ദർശനത്തിലും അദ്ദേഹം താല്പര്യം കാണിച്ചിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ കവിതകളിലൂടെ നമുക്ക് കിട്ടുന്ന സന്ദേശം ഇടശ്ശേരി ആസ്തികനായിരുന്നു എന്നു തന്നെയാവണം. ശ്രീകൃഷ്ണനെ ഒരു പുതിയ പരിപ്രേക്ഷ്യത്തിലൂടെ കാണാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ഉണ്ണിക്കൃഷ്ണനോട്, അമ്പാടിയിലേയ്ക്ക് വീണ്ടും, കാശാവു പൂത്തു തുടങ്ങിയ കവിതകൾ ഉദാഹരണം. ഉണ്ണിക്കൃഷ്ണനോട് എന്ന കവിതയിൽ പ്രത്യേകിച്ച് പ്രകൃതി ഈശ്വരന്റെ സാക്ഷാൽക്കാരം തന്നെയാണ് എന്ന് ധ്വനിപ്പിക്കുന്നുണ്ട് കവി.

ഇടശ്ശേരിയുടെ **'കവിത - എന്റെ ജീവിതത്തിൽ'** എന്ന ലേഖനത്തിൽനിന്ന് ഉദ്ധരിക്കാം:

*'ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടി വരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്വശാസ്ത്രങ്ങളുടെ നേർക്കു വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതു കാരണം ഗാന്ധിയെപ്പിടിച്ചു പലപ്പോഴും ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതു കാണാം. ഗാന്ധിഭക്തനും മാർക്സിയൻ തത്വശാസ്ത്രമെന്തെന്ന് പഠിക്കാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ ചില കാവ്യങ്ങൾ പലതും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചാരണ സാഹിത്യശേഖരത്തിലേയ്ക്ക് പാകമായി. ജീവിതപരാജയത്തിന്ന് ഒരു കാരണം കൂടി: കോൺഗ്രസ്സുകാർക്ക് ഞാൻ ചുകന്ന പാർട്ടിക്കാരനാണ്; ചോപ്പന്നോ, ഞാൻ വെള്ളത്തൊപ്പിക്കാരനും! പക്ഷെ മറന്നുകൂടാ, കവിയുടെ സ്വൈരജീവിതത്തിന്ന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറ്റൊന്നില്ല!'*

ധാരാളം പുക വലിച്ചിരുന്ന ഇടശ്ശേരി പക്ഷെ മദ്യപാനത്തിന് വളരെ എതിരായിരുന്നു.

ഇടശ്ശേരിയുടെ **'പൂതപ്പാട്ട്'** (1953) എന്ന കവിതയാണ് അദ്ദേഹത്തെ സാധാരണ ജനങ്ങളിലേക്കെത്തിച്ചത്. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഒരേപോലെ ഇഷ്ടപ്പെട്ട ആ കവിതയെപ്പറ്റി ഒരു തെറ്റിദ്ധാരണയുണ്ട്. നാട്ടിൽ പറഞ്ഞു നടക്കുന്ന ഒരു കഥയാണ് ഇടശ്ശേരി എടുത്ത് കവിതയാക്കിയത് എന്ന് ചിലരെങ്കിലും അവരുടെ ലേഖനങ്ങളിൽ എഴുതിയതായി കാണുന്നുണ്ട്. ഇതു ശരിയല്ല. വള്ളുവനാട്ടിൽ ഗ്രീഷ്മാരംഭത്തോടെ വീടുകളിൽ കയറി തുടി കൊട്ടിന്റെ അകമ്പടിയോടെ കളിച്ചിറങ്ങിയിരുന്ന പൂതത്തെപ്പറ്റി ഒരു കഥയും നിലവിലില്ല. ഇടശ്ശേരി ഈ പൂതം കളിയെ ചുറ്റി ഒരു മിത്തു നെയ്തുണ്ടാക്കുകയാണ് ചെയ്തത്. **('തുടികൊട്ടും ചിലമ്പൊലിയും')**. അതാണുതാനും ആ കവിതയുടെ മേന്മയും. ഒരു മിത്തെടുത്ത് കവിതയെഴുതാൻ ആർക്കും കഴിയും, പക്ഷെ പുതുതായി ഒരു മിത്തുണ്ടാക്കുക എന്നത് ഒരു ധിഷണാശാലിയ്ക്കു മാത്രം ചെയ്യാൻ പറ്റുന്ന കാര്യമാണ്. പൂതപ്പാട്ട് കവിത ഇടശ്ശേരിയുടെ മരണത്തിനു ശേഷം 1984ൽ സംഗീതാവിഷ്കാരം ചെയ്തത് വി.കെ.എസ്. എന്ന പേരിലറിയപ്പെടുന്ന **വി.കെ. ശശിധരനാണ്**. സാധാരണയായി **പൂതപ്പാട്ടു** പാടുന്നവർ വരുത്തുന്ന ഒരു തെറ്റുകൂടി ഇവിടെ തിരുത്തട്ടെ. ഏതോ ഒരെഡിഷനിൽ വന്നുപെട്ട തെറ്റാണ് ഇതിനു കാരണം.

'കേട്ടിട്ടില്ലെ തുടികൊട്ടും കലർ-
ന്നോട്ടു ചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ വരവമ്പിളി പൂങ്കല
മെയ്യിലണിഞ്ഞ കരിമ്പൂതം.

ഇതിൽ **പൂങ്കല** എന്നതിനു പകരം പൂങ്കുല എന്നു പലരും പാടിക്കേൾക്കാറുണ്ട്. അമ്പിളി പൂങ്കല എന്നാൽ ചന്ദ്രക്കല എന്നാണർത്ഥം. പൂതത്തിന്റെ മാറ് അലങ്കരിക്കുന്നത് ഈ ചന്ദ്രക്കലയാണ് അല്ലാതെ പൂങ്കുലയല്ല.

ശാസ്ത്ര വിഷയങ്ങളിൽ അതീവ താല്പര്യമെടുത്തിരുന്ന കവി, ശാസ്ത്രലോകത്തെ പുതു സിദ്ധാന്തങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. ഗണിതശാസ്ത്രത്തിൽ അത്യപൂർവ്വമായ പാടവമുണ്ടായിരുന്നു ഇടശ്ശേരിക്ക്. അതു പക്ഷെ അളക്കുന്ന ഭൂമിയുടെ ലിങ്ക്സിലും കോലിലും ഒതുങ്ങേണ്ടി വന്നത് ഒരു വലിയ നഷ്ടമായി. ഒരു നല്ല അദ്ധ്യാപകനോ, ശാസ്ത്രജ്ഞനോ തന്നെ ആകേണ്ടിയിരുന്ന അദ്ദേഹം നാട്ടിൻപുറത്തെ ഒരു ആധാരമെഴുത്തുകാരനായി ഒതുങ്ങേണ്ടി വന്നത് അദ്ദേഹം ജനിച്ചു വളർന്ന, അവസരങ്ങൾ പാടെ നിഷേധിച്ചിരുന്ന ഒരു കാലഘട്ടത്തിന്റെ പ്രത്യേകത കാരണമായിരിക്കണം.

ചതുരംഗത്തിൽ ഇടശ്ശേരി തല്പരനായിരുന്നു. അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്ത് പി. നാരായണൻ വൈദ്യരാണ് കൂട്ട്. വൈദ്യർ പുത്തില്ലത്ത് എത്തിയാൽ പറമ്പിൽ നിന്ന് ഒരു വാഴയില മുഴുവനുമായി വെട്ടിയെടുത്ത് അതിന്റെ തണ്ടു കൊണ്ട് ചതുരംഗക്കരുക്കളുണ്ടാക്കും. ഉമ്മറത്തിണ്ണമേൽ ചോക്കുകൊണ്ട്  വരച്ച ഒരു കളത്തിന് അഭിമുഖമായിരുന്ന് അവർ രണ്ടുപേരും കളി തുടങ്ങും. ഒഴിവു ദിനങ്ങളിൽ രാവിലെ തുടങ്ങിയ കളി ഉച്ച ഭക്ഷണത്തിന്റെ സമയത്തു മാത്രമേ നിറുത്താറുള്ളു. പിന്നെ തുടർന്നും കളി തന്നെ.

തൊള്ളായിരത്തി അറുപത്താറിൽ പൊന്നാനിയിലെ സഹൃദയരും കേരളത്തിലെ പ്രശസ്ത സാഹിത്യകാരന്മാരും കൂടി ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തി, അദ്ദേഹത്തിന്റെ ഇച്ഛക്കെതിരായി മൂന്നു ദിവസത്തെ പരിപാടികളോടെ ആഘോഷിച്ചു. കേരളത്തിലെ തലമുതിർന്ന സാഹിത്യകാരന്മാരെല്ലാം പങ്കെടുത്ത ആ പരിപാടി ഒരു വലിയ സംഭവമായിരുന്നു. പങ്കെടുത്ത സാഹിത്യകാരന്മാരിൽ കേളപ്പജി, ജി. ശങ്കരക്കുറുപ്പ്, വി.ടി. ഭട്ടതിരിപ്പാട്, പി.ടി. ഭാസ്കര പണിക്കർ, പനമ്പിള്ളി ഗോവിന്ദ മേനോൻ, പുത്തേഴത്ത് രാമൻ മേനോൻ, കുട്ടികൃഷ്ണ മാരാർ, പി. കുഞ്ഞിരാമൻ നായർ, ഒളപ്പമണ്ണ, എൻ.പി. മുഹമ്മദ്, വൈലോപ്പിള്ളി, ബാലാമണി അമ്മ, അക്കിത്തം, കെ.കെ. രാജ, യൂസഫ് അലി കേച്ചേരി, ഉറൂബ്, കൈനിക്കര കുമാര പിള്ള, പുതൂർ ഉണ്ണിക്കൃഷ്ണൻ, കെ.പി. ശങ്കരൻ, എം.ടി. വാസുദേവൻ നായർ, എ.പി.പി. നമ്പൂതിരി, സുകുമാർ അഴീക്കോട്, എൻ. ദാമോദരൻ, എം.ആർ. ബി., വി.എ. കേശവൻ നമ്പൂതിരി, ഇ. വാസു, എം.ജി.എസ്. നാരായണൻ തുടങ്ങിയ സാഹിത്യകാരന്മാർ ഉണ്ടായിരുന്നു. ചില പേരുകൾ വിട്ടുപോയിട്ടുണ്ടാവാം. ഈ മഹാമഹത്തെപ്പറ്റി മാതൃഭൂമി സബ് എഡിറ്ററായിരുന്ന ടി. വേണുഗോപാലക്കുറുപ്പ് എഴുതിയ ലേഖനം **'ഒരു മഹാകവിയുടെ ഷഷ്ടിപൂർത്തി'** ഭാഷാപോഷിണി ഏപ്രിൽ 2001 മാസം പ്രസിദ്ധീകരിച്ചത് വെബ്ബിൽ ചേർത്തിട്ടുണ്ട്.

ഇടശ്ശേരിയുടെ കുടുംബജീവിതം ധന്യമായിരുന്നെന്നു പറയാം. താൻ എഴുതിയ കവിതകളുടെ ആദ്യവായനക്കാരിയും വിമർശകയും ആയിരുന്നു സ്നേഹനിധിയായ ഭാര്യ. ഓരോ കവിതയെഴുതിക്കഴിഞ്ഞാലും അത് നല്ല ഈണത്തിൽ ഉറക്കെ വായിച്ചു കേൾപ്പിച്ചിരുന്നു അവർ. കവിതകൾ പകർത്തിയെഴുതുവാൻ അവർ സഹായിച്ചിരുന്നത് ഇടശ്ശേരി അനുസ്മരിച്ചിട്ടുണ്ട്. **(തുടികൊട്ടും ചിലമ്പൊലിയും)** വിവാഹത്തിനു മുമ്പ് അവർ കവിതയും കഥയുമെഴുതിയിരുന്നു. അവ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മറ്റു ഭാഷയിൽ നിന്നുള്ള തർജ്ജമയും ചെയ്തിട്ടുണ്ട് അവർ. ടാഗോറിന്റെ 'ഫ്രൂട് ഗ്യാതറിങ്ങ്' എന്ന മിസ്റ്റിക് കവിത, കെ.എ. അബ്ബാസിന്റെ ചെറുകഥകൾ തുടങ്ങിയവ. പക്ഷെ വിവാഹത്തിനു ശേഷം അവർ സാഹിത്യ ശ്രമങ്ങൾ പാടെ നിർത്തുകയാണുണ്ടായത്. അതൊരു വലിയ ത്യാഗമായി വേണം കരുതാൻ. മക്കളെ നോക്കി വളർത്താനും ഭർത്താവിന്റെ സാഹിത്യജീവിതത്തിൽ സഹായിയായി കഴിയാനുമായി അവർ സ്വന്തം സാഹിത്യത്തെ ബലികൊടുക്കുകയാണ് ഉണ്ടായത്. സഹധർമ്മിണിയെക്കുറിച്ച് അദ്ദേഹം രണ്ടു മൂന്നു കവിതകളെഴുതിയിട്ടുണ്ട്. 'അശോകമഞ്ജരി', 'കുടുംബചരിദ്രം', 'ഒരമ്മ പാടുന്നു' തുടങ്ങിയ കവിതകളിലും, ലേഖനങ്ങളിലും അവരെക്കുറിച്ച് പരാമർശങ്ങളുണ്ട്. അതിൽ ഏറ്റവും രസകരമായിട്ടുള്ളത് **'എന്റെ പണിപ്പുര'** എന്ന ലേഖനത്തിൽ സ്വന്തം സാഹിത്യലോകത്തെ ഒരു കരുവാന്റെ ആലയോടും ഭാര്യയെ കരുവാത്തിയോടും ഉപമിച്ചിട്ടുള്ളതാണ്. 'അശോകമഞ്ജരി'യിലാകട്ടെ അദ്ദേഹം പുത്തില്ലത്ത് ജാനകിയ്ക്ക് ട്യൂഷൻ കൊടുത്ത കാലത്തെ അനുസ്മരിക്കുന്നുണ്ട്.

ഇടശ്ശേരിയ്ക്ക് പതിനൊന്ന് മക്കളുണ്ടായതിൽ ഇന്ന് ഏഴ് പേരേ ജീവിച്ചിരിക്കുന്നുള്ളു. ഇതിൽ മൂന്ന് കുരുന്നുകൾ ശൈശവം അതിജീവിച്ചില്ല. ഒരു മകൻ, ഉണ്ണിക്കൃഷ്ണൻ 2005ൽ അമ്പത്തൊമ്പതാം വയസ്സിൽ മരിച്ചു. ശാസ്ത്രവിഷയങ്ങളിൽ പൊതുവേയും ഊർജ്ജതന്ത്രത്തിൽ വിശേഷിച്ചും പ്രാവീണ്യം നേടിയ ഈ പുത്രൻ അന്തരിക്കുമ്പോൾ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ജനറൽ മാനേജരായിരുന്നു. മറ്റുള്ളവരുടെ പേരുകൾ സതീശ് നാരായണൻ (ഭാര്യ: വിലാസിനി), ഹരികുമാർ (ലളിത), ഗിരിജാദേവി(ഭർത്താവ്: രാധാകൃഷ്ണൻ), മാധവൻ(സുശീല), ഡോ. ദിവാകരൻ(ശോഭന), അശോകൻ(ജയശ്രീ), ഉഷ(രഘുപതി). സതീശ് നാരായണൻ എഫ്.എ.സി.ടിയിൽനിന്ന് റിട്ടയർ ചെയ്തു, ഹരികുമാർ കഥാകൃത്താണ്. ഗിരിജ വീട്ടമ്മയാണ്. മാധവൻ റിസർവ്വ് ബാങ്കിൽ നിന്ന് ജനറൽ മാനേജരായി റിട്ടയർ ചെയ്തു, ഇപ്പോൾ ഇടശ്ശേരി സ്മാരക സമിതിയുടെ സെക്രട്ടറിയും മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റിലെ ട്രസ്റ്റി അംഗവുമാണ്. ഡോ. ദിവാകരൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാല്യേറ്റീവ് കെയറിന്റെ ഡയറക്ടറാണ്. അശോകൻ ബഹ്റൈനിൽ പ്രോജക്ട് മാനേജരായി വിരമിച്ചു. ഇപ്പോൾ ഇടശ്ശേരി ട്രസ്റ്റി അംഗമായി ട്രസ്റ്റിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. ഉഷ വീട്ടമ്മയാണ്. ശൈശവത്തിൽ നഷ്ടപ്പെട്ട കുഞ്ഞിന്റെ ഓർമ്മയിൽ ഇടശ്ശേരി എഴുതിയതാണ് **'പൂജാപുഷ്പം'** എന്ന കവിത. ഡോ. എസ്.പി. രമേശിന്റെ ശബ്ദത്തിൽ ഈ കവിത ഇടശ്ശേരി സൈറ്റിൽ ലഭ്യമാണ്. ഇടശ്ശേരിയുടെ ധാരാളം കവിതകൾ സംഗീതാവിഷ്കാരം ചെയ്തവതരിപ്പിച്ചത് ഇടശ്ശേരി വെബ്ബിലും യുട്യൂബിലും ചേർത്തിട്ടു

ണ്ട്.

അവസാന കാലങ്ങളിൽ ആരോഗ്യം വളരെ മോശമായി വന്നു, പക്ഷെ ജോലി നിർത്തുകയുണ്ടായില്ല ഇടശ്ശേരി. ഒരു ചെക്കപ്പിനായി കോഴിക്കോട്ടു പോകണമെന്നു കരുതിയിരുന്നെങ്കിലും അതു നടന്നില്ല. മരണത്തിന്റെ തലേ ദിവസം രാത്രി പക്ഷെ അദ്ദേഹം വളരെ സന്തോഷത്തിലായിരുന്നു. ഇളയ മകൾ ഉഷയുമായി രാത്രി വൈകുംവരെ തമാശ പറഞ്ഞും പൊട്ടിച്ചിരിച്ചും ചെസ്സ് കളിച്ചു. അപ്പോഴേയ്ക്ക് അദ്ദേഹം പഴയ ചതുരംഗം വിട്ട് മക്കൾ അവതരിപ്പിച്ച ഇംഗ്ലീഷ് ചെസ്സ് നന്നായി കളിച്ചു തുടങ്ങിയിരുന്നു. പിറ്റേന്ന് രാവിലെ ഭക്ഷണ സമയത്ത് ഉഷ കൊണ്ടുവന്നു വച്ച ദോശ കഴിക്കാൻ തുടങ്ങുമ്പോഴാണ് മരണം സംഭവിച്ചത്. തൊട്ടടുത്തിരുന്ന സഹധർമ്മിണിയുടെ മാറിലേയ്ക്ക് ബോധം നശിച്ച് ചായുകയാണ് ഉണ്ടായത്. വേദനയില്ലാത്ത മരണം. ജീവിതകാലം മുഴുവൻ ദാരിദ്ര്യത്തിന്റെയും അതുമൂല മുണ്ടായിട്ടുള്ള നിരവധി അപമാനങ്ങളുടെയും വേദനകൾ സഹിച്ച ആ മഹാന് വേദനയില്ലാത്ത മരണം കൊടുക്കാനെങ്കിലും വിധി കാരുണ്യം കാണിച്ചു. ഉടനെ അടുത്തു താമസിക്കുന്ന രാമൻ മാസ്റ്ററെ വിവരമറിയിച്ചു. അദ്ദേഹം വന്നു, പിന്നാലെ ഡോക്ടറും.

1974 ഒക്ടോബർ 16-ാം തിയ്യതി ബുധനാഴ്ചയാണ് മരണം സംഭവിച്ചത്.

തയ്യാറാക്കിയത്: മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റ്.